# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3611 15.03.2018-ൽ മറുപടിക്ക്

## ഊട്ടുപോക്കിരിയിൽ 33 കെ വി പവ്വർ സ്റ്റേഷൻ

| | ചോദ്യം<br><br>ശ്രീ. കെ. ആൻസലൻ : | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലെ കള്ളുർ പഞ്ചായത്തിലെ ഊട്ടുപോക്കിരിയിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന 33 കെ വി പവ്വർ സ്റ്റേഷന്റെ നടപടിക്രമങ്ങൾ എന്തായി എന്ന് വിശദീകരിക്കാമോ ; | (എ) | നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ കള്ളുർ പഞ്ചായത്തിലെ ഊട്ടുപോക്കിരിയിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന 33 കെ.വി. സബ്സ്റ്റേഷനു വേണ്ടിയുള്ള സാങ്കേതിക പഠനങ്ങൾ നടന്നുവരുന്നു. |
| (ബി) | ഊട്ടുപോക്കിരിയിൽ സ്ഥാപിക്കുന്ന 33 കെ വി പവ്വർ സ്റ്റേഷന്റെ പ്രവർത്തനം തുടങ്ങിയാൽ ഏതൊക്കെ പഞ്ചായത്ത് പ്രദേശത്ത് ഇതിന്റെ നേട്ടം ഉണ്ടാകുമെന്ന് വ്യക്തമാക്കാമോ ; | (ബി) | കള്ളുർ, കാരോട്, ചെങ്കൽ എന്നീ ഭൂരിഭാഗം പ്രദേശങ്ങളിലും പ്രസ്തുത സബ്സ്റ്റേഷന്റെ പ്രയോജനം ലഭ്യമാകും. |
| (സി) | പവ്വർ സ്റ്റേഷൻ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ഡി പി ആർ തയ്യാറാക്കാൻ ആരെയാണ് നിയമിച്ചതെന്ന് വ്യക്തമാക്കുമോ ; | (സി) | പ്രസ്തുത പദ്ധതിയുടെ ഡീറ്റെയിൽഡ് പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കുന്നതിന് വിഴിഞ്ഞം 66 കെ.വി. സബ്സ്റ്റേഷൻ അസിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) | ഡി പി ആർ തയ്യാറാക്കിയാൽ എത്ര വർഷം കൊണ്ട് ഇതിന്റെ പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (ഡി) | പ്രസ്തുത പദ്ധതി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ ഭരണാനുമതിക്കു ശേഷം ഉദ്ദേശം ഒരു വർഷം കൊണ്ട് പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ